ലേഖനം

ശിഹാബ് പൂക്കോട്ടൂർ

# ദേശീയത: അപരവൽക്കരണത്തിന്റെ സങ്കേതം

**പ്രബല സമൂഹത്തിന്റെ ദേശതാൽപര്യങ്ങൾ ഉപദേശീയതക്കെതിരെ വരുമ്പോൾ സമാന്തരമായ ദേശീയ സംസ്കാരങ്ങൾ രൂപപ്പെടുന്നു. പ്രബല ദേശീയത ഉപദേശീയതകളുടെ സർവ ചിഹ്നങ്ങളെയും (മതം, ഭാഷ, ജാതി) അപരവൽക്കരിക്കുകയും സംഘർഷത്തിലകപ്പെടുത്തുകയും ചെയ്യുന്നു. ഇന്ത്യയിൽ ദലിത്, മുസ്‌ലിം, പിന്നാക്ക ന്യൂനപക്ഷങ്ങളുടെ ദേശീയ താൽപര്യങ്ങൾ ഭൂരിപക്ഷ ഹൈന്ദവ ദേശീയത ചവിട്ടിയരക്കുന്നു. ന്യൂനപക്ഷങ്ങളുടെ അധികാരചിഹ്നങ്ങളെയും പ്രദേശങ്ങളെയും വേലിക്കെട്ടി ഒറ്റപ്പെടുത്തുകയും ചെയ്യുന്നു.**

**ദേശീയത** നിരവധി അപരവൽക്കരണങ്ങളുടെ സങ്കേതമാണ്. പ്രശ്നവത്കൃതമായ പ്രത്യയശാസ്ത്രവുമാണ്. അയൽരാജ്യങ്ങളെ മാത്രമല്ല ഓരോ രാഷ്ട്രത്തിലെയും പ്രബലരല്ലാത്ത ജനസമൂഹത്തെയും ദേശീയത അന്യവൽക്കരിക്കുന്നുണ്ട്. ഇന്ത്യയിൽ മുസ്‌ലിം, സിഖ്, ശ്രീലങ്കയിൽ തമിഴ് ജനത തുടങ്ങിയവ അതിനുദാഹരണങ്ങളാണ്. ഇന്ത്യയിൽ സമീപകാലത്ത് നടന്ന ഭീകരവേട്ട, മുസ്‌ലിം വിദ്യാർഥികളെ വെടിവെച്ച് കൊല്ലൽ, യുവാക്കളെ അറസ്റ്റു ചെയ്യൽ എന്നിവ ഈ അന്യവൽക്കരണത്തിന്റെ തുടർച്ചകൾ തന്നെയാണ്. ന്യൂനപക്ഷങ്ങൾ ഭൂരിപക്ഷമാവുന്ന പ്രദേശങ്ങളും ദേശീയതയുടെ കീഴിൽ അപരവൽക്കരണത്തിനും ദേശദ്രോഹമെന്ന വിളിപ്പേരുകൾക്കും വിധേയമാവാറുണ്ട്. ജമ്മു കശ്മീർ (മുസ്‌ലിം ഭൂരിപക്ഷം), നാഗാലാന്റ് (ക്രിസ്ത്യൻ ഭൂരിപക്ഷം), പഞ്ചാബ് (സിഖ് ഭൂരിപക്ഷം) തുടങ്ങിയവയുടെ പ്രശ്നങ്ങളെ നമ്മുടെ പൊതുബോധം വിലയിരുത്തുന്നത് ദേശവിരുദ്ധ സമീപനങ്ങളായിട്ടാണ്.

ദേശീയത ആധുനികലോകത്തിന്റെ സൃഷ്ടിയാണ്. ദേശീയതയും സ്വരാജ്യസ്നേഹവും പതിനെട്ടാം നൂറ്റാണ്ടിന്റെ സംഭാവനയാണ്. പതിനെട്ടാം നൂറ്റാണ്ടിനു മുമ്പ് ജനങ്ങൾ  തങ്ങളുടെ കൂറ് പ്രഖ്യാപിച്ചിരുന്നത് സ്വസമുദായത്തോടോ വംശത്തോടോ ജന്മിമാരോടോ രാജാക്കന്മാരോടോ മതങ്ങളോടോ ആയിരുന്നു. 1789ലെ ഫ്രഞ്ച് വിപ്ലവത്തോടെയാണ് ദേശീയത ശക്തിപ്രാപിക്കുന്നത്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന മുദ്രാവാക്യവുമായി ലൂയി പതിനാറാമന്റെ സ്വേഛാധിപത്യ ഭരണത്തിനെതിരെ നടന്ന ദേശീയ പ്രക്ഷോഭമാണ് ഫ്രഞ്ച് വിപ്ലവം. ഈ ആവേശത്തിൽ നിന്നാണ് യൂറോപ്പിൽ ദേശീയബോധം ഉയർന്നുവന്നത്. പത്തൊമ്പതാം നൂറ്റാണ്ടിലാണു ദേശീയാടിസ്ഥാനത്തിലുള്ള ഏകീകരണത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള മുന്നേറ്റങ്ങൾ രൂപംകൊണ്ടത്. ഇങ്ങനെ ദേശീയ വികാരത്തിൽനിന്ന് രൂപംകൊണ്ട രണ്ടു രാഷ്ട്രങ്ങളാണു ഇറ്റലിയും ജർമനിയും. ജോസഫ് മസീനിയും ഗ്യാരിബാൾഡിയും ചേർന്ന് നയിച്ച യംഗ് ഇറ്റലി എന്ന പ്രസ്ഥാനം ഇറ്റലിയെ വിദേശാധിപത്യത്തിൽനിന്ന് മോചിപ്പിച്ച് ഏകീകരിച്ചു. പോപ്പിന്റെ ഭരണം വത്തിക്കാൻ സിറ്റിയിൽ മാത്രമാക്കി. നാസിസത്തിന്റെയും ഫാഷിസത്തിന്റെയും ദേശീയതയിലധിഷ്ഠിതമായ അക്രമങ്ങൾ ലോകചരിത്രത്തിൽ തുല്യതയില്ലാത്തതാണ്. സോഷ്യലിസവും ഇതുതന്നെ തുടർന്നു. 1914ൽ യുദ്ധം തുടങ്ങിയപ്പോൾ യൂറോപ്യൻ സോഷ്യലിസ്റ്റുകൾ സാർവദേശീയത കൈവെടിയുകയും ദേശീയത പുണരുകയും ചെയ്തു. 1917ൽ ഒക്ടോബർ വിപ്ലവ കാലത്ത് കമ്യൂണിസ്റ്റുകാർ അന്തർദേശീയ തൊഴിലാളി ഐക്യത്തെ പറ്റി സംസാരിച്ചിരുന്നുവെങ്കിലും പിന്നീട് അതിർത്തിക്കുള്ളിലെ ദേശീയവാദികളായി മാറുകയാണുണ്ടായത്. ചൈന, ക്യൂബ, വിയറ്റ്നാം എന്നിവിടങ്ങളിലും പാർട്ടി സ്വന്തം ദേശീയത കെട്ടിപ്പടുത്തു. ഏഷ്യയിലും ആഫ്രിക്കയിലും ദേശീയത പടർന്നത് സാമ്രാജ്യത്വവിരുദ്ധ സമരത്തോടു കൂടിയാണ്. രണ്ടാം ലോക യുദ്ധത്തിനു ശേഷം ഇന്ത്യയിലും ഈജിപ്തിലും ദേശീയ സമരങ്ങൾ വിജയം കണ്ടു. രണ്ടാം ലോക യുദ്ധത്തിനു ശേഷമുള്ള ഇരുപത്തഞ്ചു വർഷത്തിനുള്ളിൽ 66 പുതിയ രാഷ്ട്രങ്ങൾ രൂപംകൊണ്ടു. അങ്ങനെ ദേശീയത അന്താരാഷ്ട്ര രംഗത്ത് പ്രബല ഘടകമായി നിലകൊണ്ടു.

ദേശീയതകൊണ്ട് അർഥമാക്കുന്നത്

ഭൂപടത്തിലെ അതിർത്തി രേഖക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പ്രദേശത്തോടുള്ള സ്വരാജ്യ സ്നേഹമാണ്. ഈ പ്രദേശം ഏകവും അഖണ്ഡവുമായ ഒരു രാഷ്ട്രമാണെന്ന് വ്യക്തികളും, ജാതിമത പ്രാദേശിക ഭേദമന്യേ അതിനോട് സ്നേഹം പ്രകടിപ്പിക്കലുമാണ് ദേശീയത. ഇതൊരു സാമൂഹിക ബോധമാണ്. ഒരു രാജ്യത്തെ ജനതയെ കൂട്ടിയിണക്കുന്ന വൈകാരിക ഭാവമാണ് ദേശീയത. ഇതിനു പല മാനങ്ങളുണ്ട്. പലരും ഇതിനെ പല രൂപത്തിലാണു കാണുന്നത്. വ്യക്തി, കുടുംബം, സമൂഹം, ദേശം, സാർവദേശീയത ഇവ മാനവരാശിയുടെ ഔന്നത്യത്തിലേക്കുള്ള വളർച്ചയുടെ വ്യത്യസ്ത ഘട്ടങ്ങളാണ്. അവ പരസ്പരം ഏറ്റുമുട്ടുന്നില്ല. ഒരു ഘട്ടത്തിൽനിന്നാണ് അടുത്ത ഘട്ടം രൂപംകൊള്ളുന്നത്. വ്യക്തിയും കുടുംബവും, കുടുംബവും സമൂഹവും പോലെ. കുടുംബസൃഷ്ടിക്ക് വ്യക്തികളും സമൂഹസൃഷ്ടിക്ക് കുടുംബങ്ങളും സാർവദേശീയതയുടെ രൂപീകരണത്തിന് ദേശീയതയും സന്ധി ചെയ്യുന്നു.

ദേശീയതയുടെ മറുവശം സങ്കുചിതമാണ്. ഇന്ത്യയിലെ സവർണ ദേശീയത പ്രതിനിധീകരിക്കുന്നത് ഉന്മാദ ദേശീയ വികാരത്തെയാണ്. പ്രാദേശികതയെ നിരന്തരം ചെറുത്തു തോൽപ്പിക്കാൻ ദേശീയ വികാരം എപ്പോഴും പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കണം. വൈദേശിക ശക്തികളുടെ എതിർപ്പിനെ വിജയപൂർവം നേരിടാൻ വേണ്ടിയുള്ള മനോഭാവവും സൈനിക സജ്ജീകരണവും അനിവാര്യമാണ്. ഒരു സംസ്കാരം, ഒരു ദേശം ഇതാണ് ഇന്ത്യയിലെ ദേശീയവാദികളുടെ കാഴ്ചപ്പാട്. ദേശീയതയും വംശീയതയും ചേർന്ന് അപകടകരമായ കൂട്ടുകെട്ട് ഉണ്ടാവുന്നു. ഇരുപതാം നൂറ്റാണ്ടിലെ ദുരന്തങ്ങളായ വംശഹത്യകൾ നടത്തിയത് വംശീയതയിലധിഷ്ഠിതമായ ദേശീയതയാണ്. വംശത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ദേശീയത അപകടകരവും ജനാധിപത്യവിരുദ്ധവും ഫാഷിസ്റ്റ് മുഖമുള്ളതുമാവുന്നു. ഇത്തരം ദേശീയത ഒരു പൊതുവീക്ഷണത്തോടു കൂടിയുള്ളതല്ല, മറിച്ച് സമൂഹത്തിലെ പ്രബലരായവരുടെ വീക്ഷണകോണിലൂന്നിയതാണ്. തങ്ങൾ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തരും ഉന്നതരുമാണെന്ന് ഇവർ വിശ്വസിക്കുന്നു. ഇത്തരം ദേശീയത അതിന്റെ തീവ്രരൂപത്തിൽ വംശഹത്യയെയും കൂട്ടക്കുരുതിയെയും അംഗീകരിക്കുന്നു. ഇതിന് ഉദാഹരണങ്ങളാണ് ജൂതന്മാർക്കെതിരെ നടന്ന നാസിക്കൂട്ടക്കൊല, മുസ്‌ലിംകൾക്കെതിരായ സെർബ് കുരുതി, ഇസ്രയേലിന്റെ ഫലസ്തീൻ അധിനിവേശം എന്നിവ. വംശ ദേശീയത വളരെ അപകടകരമാണ്. കാരണം, മിക്ക രാജ്യങ്ങളിലും വ്യത്യസ്ത വംശങ്ങൾ ഇടകലർന്നാണ് ജീവിക്കുന്നത്. ഇംഗ്ലണ്ടിൽ സ്കോട്സ്, വെൽഷ്, ഐറിഷ്, ഇംഗ്ലീഷുകാർ എന്നിവരുണ്ട്. ഇന്ത്യ മത, ഭാഷ, ദേശ വൈജാത്യമുള്ള വിവിധ ജനവിഭാഗങ്ങളെയും സംസ്കാരത്തെയും ഉൾക്കൊള്ളുന്നു. മറ്റു രാജ്യങ്ങളിലെല്ലാം പല വിഭാഗം ജനങ്ങൾ ഇടകലർന്നു വസിക്കുന്നു. ശ്രീലങ്ക, മലേഷ്യ എന്നീ രാജ്യങ്ങൾ സിംഹളരുടെയും മലായ് നിവാസികളുടെയും മാതൃരാജ്യമായാണ് അറിയപ്പെടുന്നതെങ്കിലും ഈ രാജ്യങ്ങൾ കുടിയേറ്റം മൂലമുള്ള വൈവിധ്യമുള്ള സമൂഹങ്ങളുടെ സങ്കരമാണ്. ഇന്ത്യ, നൈജീരിയ എന്നിവ നാനാജാതി മതസ്ഥരുടെ ദേശമാണ്. കരീബിയൻ നാടുകളുടെ കാര്യവും വ്യത്യസ്തമല്ല. വടക്കെ അമേരിക്ക, ലാറ്റിൻ അമേരിക്ക എന്നിവിടങ്ങളിൽ കുടിയേറിയ യൂറോപ്യരുടെയും അമേരിക്കൻ ഇന്ത്യക്കാരുടെയും സങ്കര സമൂഹം വസിക്കുന്നു.

**അധിനിവേശ ഭരണം ആഫ്രിക്കയുടെ ഭൂമിശാസ്ത്രം തന്നെ മാറ്റി വരച്ചിരുന്നു. ഒരു വംശീയ വിഭാഗത്തിന്റെ മാതൃരാജ്യം പലരാജ്യാതിർത്തികൾക്കിയിൽ വ്യാപിച്ചുകിടക്കുന്ന അവസ്ഥയുണ്ടായി. അധിനിവേശത്തോടൊപ്പമെത്തിയ ക്രിസ്ത്യൻ മിഷണറിമാരുടെ മതാധിനിവേശ ഭരണം ആഫ്രിക്കയുടെ സമ്പദ്വ്യവസ്ഥയെ പാശ്ചാത്യ കമ്പോളത്തെ ആശ്രയിക്കേണ്ട രീതിയിലാണ് സംവിധാനിച്ചത്.**

ഒരു രാഷ്ട്രം ജനിച്ചു കഴിഞ്ഞാലുടൻ അവിടത്തെ ഭരണകൂടത്തിന്റെ പ്രധാന ചുമതല ജനങ്ങളിൽ ദേശീയ ബോധം വളർത്തുകയാണ്. എങ്കിലേ സൈനികവും രാഷ്ട്രീയവുമായ ശക്തി കൈവരിക്കാൻ പറ്റുകയുള്ളൂ. ലാത്വിയ, ഉക്രൈൻ, ചെച്നിയ എന്നിവിടങ്ങളിലെ ദേശീയപ്രക്ഷോഭം സോവിയറ്റ് റഷ്യയുടെ ആധിപത്യത്തിനെതിരായിരുന്നു. സ്കോടിഷ്, വെൽഷ് ദേശീയ സമരങ്ങൾ വലിയൊരു രാഷ്ട്രത്തിൽ ലയിക്കുമ്പോൾ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾക്കെതിരായിരുന്നു. ദേശീയത ശക്തിയാർജിക്കുന്നത് മറ്റൊരു ദേശീയതക്കുള്ള പ്രതികരണമായാണ്. ഓരോ രാഷ്ട്രത്തിലും മത, ജാതി, ഭാഷ, ദേശ ഉപദേശീയതകളുണ്ടാവും. പ്രബല സമൂഹത്തിന്റെ ദേശവികാരങ്ങളെയാണ് പൊതുവെ ദേശീയതയെന്നതുകൊണ്ട് വിവക്ഷിക്കുന്നത്. പ്രബല സമൂഹത്തിന്റെ ദേശതാൽപര്യങ്ങൾ ഉപദേശീയതക്കെതിരെ വരുമ്പോൾ സമാന്തരമായ ദേശീയ സംസ്കാരങ്ങൾ രൂപപ്പെടുന്നു. പ്രബല ദേശീയത ഉപദേശീയതകളുടെ സർവ ചിഹ്നങ്ങളെയും (മതം, ഭാഷ, ജാതി) അപരവൽക്കരിക്കുകയും സംഘർഷത്തിലകപ്പെടുത്തുകയും ചെയ്യുന്നു. ഇന്ത്യയിൽ ദലിത്, മുസ്‌ലിം, പിന്നാക്ക ന്യൂനപക്ഷങ്ങളുടെ ദേശീയ താൽപര്യങ്ങൾ ഭൂരിപക്ഷ ഹൈന്ദവ ദേശീയത ചവിട്ടിയരക്കുന്നു. ന്യൂനപക്ഷങ്ങളുടെ അധികാര ചിഹ്നങ്ങളെയും പ്രദേശങ്ങളെയും വേലികെട്ടി ഒറ്റപ്പെടുത്തുകയും ചെയ്യുന്നു. 'അവരെ നാം വകവരുത്തിയില്ലെങ്കിൽ അവർ നമ്മെ വകവരുത്തും.' ഇതിന്റെ അടിസ്ഥാനത്തിലാണ് രാഷ്ട്രത്തിലെ പ്രബല ദേശീയതകൾ ആയുധങ്ങൾ ശേഖരിക്കുന്നത്.

ദേശീയത കുറെ തത്ത്വങ്ങളിൽ വിശ്വസിക്കുന്നു. സമർപ്പണം, ദേശത്യാഗം, അഭിമാനം, വിദ്വേഷം, പ്രതികാരവാഞ്ഛ എന്നിവ മഹത്വവൽക്കരിക്കപ്പെടുന്നു. യുദ്ധഭ്രമമുള്ള രാജ്യസ്നേഹി തന്റെ രാജ്യത്തിനു വേണ്ടി കൊല നടത്താൻ തയാറാവുന്നു. ഭ്രാന്തമായ ദേശീയത ക്രൂരമായ ആദർശങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നു. അയൽരാജ്യങ്ങളെ ആക്രമിക്കുകയും അവരുടെ സംസ്കാരങ്ങൾ തകർക്കുകയും ചെയ്തവരെ വീരനായകന്മാരായി ചിത്രീകരിക്കുന്നത് കുട്ടികളിൽ തെറ്റായ വിശ്വാസങ്ങൾ വളർത്തുന്നു. പ്രബല ദേശീയതയാണ് ഒരു രാഷ്ട്രത്തിന്റെ സംസ്കാരം, വിദ്യാഭ്യാസം, വികസനം എന്നിവ നിശ്ചയിക്കുന്നത്. അപര ദേശീയതകളോടുള്ള സമീപനം തന്നെയായിരിക്കും ഉപദേശീയതകളോട് പുലർത്തുക. ദേശീയവാദികൾ

> **ഹിംസാത്മക ദേശീയതയും സങ്കുചിത ദേശീയതയും സാർവദേശീയതക്ക് വിഘാതമാണ്. ധാർമിക മൂല്യങ്ങളാകണം ഇതിന്റെ അടിസ്ഥാനം. ദേശീയതയുടെ കൈവഴികളിൽ സംഭവിക്കുന്ന മറ്റൊരു അനിവാര്യതയാണ് ഉപദേശീയതകളുടെ ക്രിയാത്മകമായ ഉപയോഗമെന്നത്. മത, ജാതി ഭാഷകളുടെ പുരോഗതിയിലൂടെയാണ് നിരവധി ദേശീയതകളുള്ള ഇന്ത്യ പോലുള്ള രാഷ്ട്രങ്ങൾ വികസിക്കേണ്ടത്. ഏകദേശീയത മാത്രമാണ് രാഷ്ട്രത്തിനാവശ്യം; മറ്റുള്ളതെല്ലാം ആപത്താണ് എന്ന അലറിവിളികൾ പൗരാണിക രാജാധിപത്യത്തിന്റെ അവശിഷ്ടങ്ങളാണ്.**

ഒരുകൂട്ടം വിശ്വാസങ്ങൾ ജനങ്ങളിൽ കുത്തിവെച്ചുകൊണ്ടാണ് തങ്ങളുടെ സ്വാധീനം ഉറപ്പിക്കുക. ഹിറ്റ്ലർ ജർമനിയിലും മുസ്സോളിനി ഇറ്റലിയിലും ഇതാണ് നടപ്പാക്കിയത്. ജനങ്ങൾക്ക് ഈ പാഠങ്ങൾ നിരന്തരം നൽകി ഇതിൽനിന്നുള്ള മോചനം അസാധ്യമാക്കുന്നു. ഇവർ ഒരു വിഭാഗം ജനങ്ങളുടെ കാര്യം മാത്രം സംസാരിക്കുന്നു. ഇത്തരം വിഭാഗീയ വിശ്വാസങ്ങൾ കൂട്ട ഉന്മാദത്തിലേക്കും അന്യവൽക്കരണ പ്രക്രിയകളിലേക്കും നയിക്കുന്നു.

### ആഫ്രിക്കൻ വംശീയ പ്രശ്നങ്ങൾ

ഒരു പരമാധികാര രാഷ്ട്രത്തിന്റെ പ്രത്യേകത അത് പുറത്തുനിന്നുള്ള ഇടപെടലുകളിൽനിന്ന് സ്വതന്ത്രമാണ് എന്നുള്ളതാണ്. സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം രാഷ്ട്രങ്ങൾക്ക് തങ്ങളുടെ പൗരന്മാരുടെ അടിസ്ഥാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പറ്റാത്ത അവസ്ഥ സംജാതമായി. ആഫ്രിക്കൻ രാജ്യങ്ങളുടെ കാര്യത്തിൽ ഈ പ്രശ്നം വളരെ രൂക്ഷമായിരുന്നു. ആഫ്രിക്കൻ ജനത വ്യത്യസ്ത സംസ്കാരങ്ങൾ പേറുന്ന അനേകം ചെറുവിഭാഗങ്ങളായി ജീവിക്കുന്നു. 800ൽ പരം വംശീയ വിഭാഗങ്ങളായി ആഫ്രിക്കൻ ജനത വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോ വംശത്തിനും അവരവരുടെ ഭാഷയും മതവും ജീവിത രീതികളുമുണ്ട്. ഈ വംശീയ വിഭാഗങ്ങളുടെ ആധിക്യമാണ് ആഫ്രിക്കൻ ജനതയുടെ പുരോഗതിക്കുള്ള ഒരു പ്രധാന തടസ്സം. ചില വംശങ്ങൾ രാജ്യങ്ങളുടെ അതിർത്തികൾക്കപ്പുറത്തേക്കും വ്യാപിച്ചിരിക്കുന്നതിനാൽ അവർക്ക് തങ്ങളുടെ രാജ്യത്തിനോടുള്ളതിനേക്കാൾ കൂറ് അയൽ രാജ്യത്തെ സ്വന്തം വംശങ്ങളുമായിട്ടാവും. ഈ വംശീയ വ്യത്യാസം പല രാജ്യങ്ങളിലും ആഭ്യന്തര കലഹങ്ങൾക്ക് കാരണമാവുന്നു. ദേശീയത, വ്യത്യസ്ത സമുദായങ്ങൾക്കിടയിൽ പരിഹാരമെന്നതിലുപരി പ്രശ്നങ്ങൾക്കാണ് കൂടുതൽ വളമിട്ടിട്ടുള്ളത്.

പതിനഞ്ചാം നൂറ്റാണ്ടിൽ യൂറോപ്പുകാർ ആഫ്രിക്കയിൽ തങ്ങളുടെ കച്ചവട കേന്ദ്രങ്ങൾ തുടങ്ങി. സ്വർണ്ണവും അടിമകളുമായിരുന്നു അവർക്ക് ആവശ്യം. 1900 ഓടെ ആഫ്രിക്ക മുഴുവൻ യൂറോപ്യൻ രാജ്യങ്ങൾ പങ്കുവെച്ചെടുത്തു. തുടർന്ന് അധിനിവേശത്തിനെതിരെ ചെറുത്തുനിൽപ്പ് ആരംഭിച്ചു. 1957ൽ ഗോൾഡ് കോസ്റ്റ്(ഘാന) സ്വാതന്ത്ര്യം നേടുന്ന ആദ്യത്തെ അഫ്രിക്കൻ രാജ്യമായി. 1990 മാർച്ച് 21ന് നമീബിയ സ്വതന്ത്രമായതോടെ ആഫ്രിക്കയിലെ സാമ്രാജ്യത്വ അധിനിവേശം അവസാനിച്ചു. തങ്ങൾ നേടിയെടുത്ത സ്വാതന്ത്ര്യത്തിൽ ആഫ്രിക്കൻ ജനത അതിയായി ആഹ്ലാദിച്ചു. വൈകാതെ അവർക്ക് ബോധ്യമായി, സ്വാതന്ത്ര്യം തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമാവുന്നില്ല. അധിനിവേശ ഭരണം ആഫ്രിക്കയുടെ ഭൂമിശാസ്ത്രം തന്നെ മാറ്റി വരച്ചിരുന്നു. ഒരു വംശീയ വിഭാഗത്തിന്റെ മാതൃരാജ്യം പലരാജ്യാതിർത്തികൾക്കിയിൽ വ്യാപിച്ചു കിടക്കുന്ന അവസ്ഥയുണ്ടായി. അധിനിവേശത്തോടൊപ്പമെത്തിയ ക്രിസ്ത്യൻ മിഷണറിമാരുടെ മതാധിനിവേശ ഭരണം ആഫ്രിക്കയുടെ സമ്പദ്‌വ്യവസ്ഥയെ പാശ്ചാത്യ കമ്പോളത്തെ ആശ്രയിക്കേണ്ട രീതിയിലാണ് സംവിധാനിച്ചത്. ഇതിന്റെ ഫലമായി ആഫ്രിക്കയിലെ കർഷകരും ഖനി ഉടമകളും ആഗോള വിപണികളും യൂറോപ്യൻ ആവശ്യങ്ങൾക്കും അനുസൃതമായി ഉൽപാദനം നടത്തേണ്ടിവന്നു. പ്രാദേശികമായി ഇവ ഉപയോഗപ്പെടുത്താനുള്ള അടിസ്ഥാന സൗകര്യങ്ങളോ സാങ്കേതിക ജ്ഞാനമോ അവിടെ ഇല്ലായിരുന്നു. രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക മേഖലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ ആഫ്രിക്കൻ നേതാക്കൾക്ക് കൈകാര്യം ചെയ്യാൻ പറ്റാതായി. പല രാജ്യങ്ങളിലും സൈന്യം ജനകീയ ഭരണങ്ങളെ അട്ടിമറിച്ചു. ആഭ്യന്തര ലഹളകൾ പൊട്ടിപ്പുറപ്പെട്ടു. ദാരിദ്ര്യം, നിരക്ഷരത, രോഗങ്ങൾ, ക്ഷാമം, വരൾച്ച എന്നിവ ഇന്നും ആഫ്രിക്കയുടെ മുഖമുദ്രയാണ്. ചുരുങ്ങിയ വിലയ്ക്ക് അസംസ്കൃത വസ്തുക്കൾ കയറ്റുമതി ചെയ്യുകയും ഉയർന്ന വിലയ്ക്ക് ഉപഭോഗവസ്തുക്കൾ ഇറക്കുമതി ചെയ്യുകയും ചെയ്യുന്നത് രാഷ്ട്രങ്ങളെ പാപ്പരാക്കി.

വംശീയ ഏറ്റുമുട്ടലുകളും അതിർത്തി തർക്കങ്ങളും പല രാജ്യങ്ങളെയും തകർത്തുകൊണ്ടിരിക്കുന്നു. ദക്ഷിണാഫ്രിക്കയിലെ വർണ വിവേചനം 1992ൽ മാത്രമാണ് നിയമത്തിൽ ഇല്ലാതായത്. വംശീയ പരമാധികാരം ലഭിക്കുന്നതിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരമാവുന്നില്ല എന്നതാണ് ആഫ്രിക്ക നൽകുന്ന പാഠം. ആഫ്രിക്കൻ ജനത നേരിടുന്ന പ്രശ്നം ലോകമെമ്പാടുമുള്ള ദരിദ്ര രാഷ്ട്രങ്ങളുടെ പ്രശ്നമാണ്. ദേശീയതയിലൂടെയും ദേശസ്നേഹത്തിലൂടെയും അന്തിമമായി ലക്ഷ്യമാക്കുന്നത് മനുഷ്യന്റെ മഹത്വവും ക്ഷേമവും ആവണം. അതിരുകൾ നിശ്ചയിച്ച് മനുഷ്യരെ വേർതിരിക്കുന്ന തത്ത്വശാസ്ത്രം അവരുടെ സൃഷ്ടിയല്ല. മതങ്ങളെല്ലാം മനുഷ്യസാഹോദര്യത്തെപ്പറ്റിയാണ് പറയുന്നത്.

മതേതരമെന്ന വ്യവഹാരമാണ് ദേശീയതക്ക് കാതൽ നൽകിയത്. മനുഷ്യനെ ഒന്നിച്ച് അഭിമുഖീകരിക്കാൻ കഴിയാത്ത സങ്കുചിതത്വത്തിലും മനുഷ്യനിരാസത്തിലും അധിഷ്ഠിതമായ മതേതരത്വത്തിന് മാത്രമേ പാരതന്ത്ര്യത്തിന്റെ അതിരുകൾ അംഗീകരിക്കാൻ പറ്റുകയുള്ളു.

ഓരോ സമൂഹവും കടന്നുപോകേണ്ട ചരിത്രപരമായ ഘട്ടമായാണ് ദേശീയതയെ കാണേണ്ടത്. അധിനിവേശ കാലഘട്ടത്തിൽ ദേശീയത ഒരാവശ്യമായിരുന്നു. അധിനിവേശാനന്തര ജീവിതത്തിൽ ദേശീയത അത്ര പ്രസക്തമല്ല. ചാതുർ വർണ്യത്തിന്റെ വംശമേലാള

അധികാരഘടനയിലേക്ക് തിരിച്ചു പോവണമെന്നാണ് ഇന്ത്യൻ തീവ്രദേശീയതയുടെ വക്താക്കൾ, ആയുധങ്ങളുടെയും മീഡിയയുടെയും സഹായത്തോടെ പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നത്. മുന്നോട്ടു പോകാൻ ആഗ്രഹിക്കുന്ന ഒരു രാഷ്ട്രത്തിന് മറ്റൊരു ദേശീയത കനത്ത വിഘാതമായി ഭവിക്കും. ദേശരാഷ്ട്രങ്ങൾക്ക് നാമമാത്രമായ അസ്തിത്വം മാത്രമുള്ള ഒരവസ്ഥയിൽ സാർവദേശീയതയെ അംഗീകരിക്കാൻ ഓരോ രാഷ്ട്രവും തയാറാകേണ്ടതുണ്ട്.

ഹിംസാത്മക ദേശീയതയും സങ്കുചിത ദേശീയതയും സാർവദേശീയതക്ക് വിഘാതമാണ്. ധാർമിക മൂല്യങ്ങളാകണം ഇതിന്റെ അടിസ്ഥാനം. ദേശീയതയുടെ കൈവഴികളിൽ സംഭവിക്കുന്ന മറ്റൊരു അനിവാര്യതയാണ് ഉപദേശീയതകളുടെ ക്രിയാത്മകമായ ഉപയോഗമെന്നത്. മത, ജാതി ഭാഷകളുടെ പുരോഗതിയിലൂടെയാണ് നിരവധി ദേശീയതകളുള്ള ഇന്ത്യ പോലുള്ള രാഷ്ട്രങ്ങൾ വികസിക്കേണ്ടത്. ഏകദേശീയത മാത്രമാണ് രാഷ്ട്രത്തിനാവശ്യം; മറ്റുള്ളതെല്ലാം ആപത്താണ് എന്ന അലറിവിളികൾ പൗരാണിക രാജാധിപത്യത്തിന്റെ അവശിഷ്ടങ്ങളാണ്.

ദേശരാഷ്ട്രങ്ങൾ എന്ന മതേരത യുക്തിയെ തൽക്കാലിക സംവിധാനമെന്ന നിലയിൽ ഇസ്‌ലാമും അംഗീകരിക്കുന്നുണ്ട്. ദേശീയത ലക്ഷ്യമായി കാണാൻ ഇസ്‌ലാമിന് സാധിക്കുകയില്ല. എല്ലാ ജനങ്ങളും സ്നേഹത്തോടും പരസ്പര സഹകരണത്തോടും കഴിയുന്നതും, ചൂഷണരഹിതവും അവസരസമത്വം ഉറപ്പു നൽകുന്നതുമായ നീതിപൂർവകമായ ഒരു

**എല്ലാ ജനങ്ങളും സ്നേഹത്തോടും പരസ്പര സഹകരണത്തോടും കഴിയുന്നതും, ചൂഷണരഹിതവും അവസരസമത്വം ഉറപ്പു നൽകുന്നതുമായ നീതിപൂർവകമായ ഒരു ലോകമാണ് ഇസ്‌ലാമിന്റെ ആത്യന്തിക ലക്ഷ്യം. ഇസ്‌ലാമിന്റെ സാർവദേശീയത എന്ന കാഴ്ചപ്പാട് ഏക വഴിയിലൂടെ മൂർത്തമാവേണ്ടതല്ല. ദേശീയത, ഉപദേശിയത എന്നിവയുടെ പുതിയ വായനകൾക്ക് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സന്നദ്ധമാവുമ്പോൾ ഉണ്ടാകുന്ന ഉൾത്തെളിച്ചമാണ് ഇതിനു സഹായകമാവുക.**

ലോകമാണ് ഇസ്‌ലാമിന്റെ ആത്യന്തിക ലക്ഷ്യം. ഇസ്‌ലാമിന്റെ സാർവദേശീയത എന്ന കാഴ്ചപ്പാട് ഏക വഴിയിലൂടെ മൂർത്തമാവേണ്ടതല്ല. ദേശീയത, ഉപദേശിയത എന്നിവയുടെ പുതിയ വായനകൾക്ക് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സന്നദ്ധമാവുമ്പോൾ ഉണ്ടാകുന്ന ഉൾത്തെളിച്ചമാണ് ഇതിനു സഹായകമാവുക. ■